# പ്രാദേശിക സമരങ്ങൾ

## 1. പ്രസക്തി

ഇക്കാലത്ത് നടന്ന നൂറുകണക്കിന് പ്രാദേശിക സമരങ്ങളുടെ ഒരു പട്ടിക നിരത്താൻ പോലും ഇതുപോലൊരു ലഘുചരിത്രത്തിൽ സാദ്ധ്യമല്ല. പക്ഷേ, ഉദാഹരണങ്ങൾ എന്ന നിലയിൽ ഇവയിൽ ചിലതിനെ പരാമർശിച്ചില്ലെങ്കിൽ ഈ ചരിത്രം അപൂർണ്ണമാവും. കേരള മദ്യനിരോധനസമിതിക്ക് ശക്തിയും യശസ്സും നേടിക്കൊടുക്കുന്നതിൽ ഇവ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. സമിതിയുടെ ചരിത്രത്തിലെ മുന്തിയ മുഹൂർത്തങ്ങൾ മട്ടാഞ്ചേരി സത്യാഗ്രഹം, പാളയം സത്യാഗ്രഹം, ഊരമന സത്യാഗ്രഹം, അഴിമാവു സത്യാഗ്രഹം എന്നീ നാലു സമരങ്ങൾ നടന്ന ഘട്ടങ്ങളായിരുന്നു. എന്നാൽ പല പ്രാദേശിക സമരങ്ങളും അവയുടെ രീതിയിൽ ഗംഭീരങ്ങളായിരുന്നു, ഗ്രാമീണ സമൂഹങ്ങളുടെ ഉണർവിന്റെ പ്രതീകങ്ങളായിരുന്നു എന്ന കാര്യം മറന്നുകൂടാ.

## 2. പുത്തൻചിറ

തൃശൂർജില്ലയുടെ തെക്കേ അതിർത്തിയിൽ ലേശം പടിഞ്ഞാട്ടു മാറി മാള നിയോജകമണ്ഡലത്തിലുള്ള ഒരു ഗ്രാമമാണ് പുത്തൻചിറ. ഇവിടെ കിഴക്കുംമുറി സെന്റ് മേരീസ് ഫെറോനാ പള്ളിക്കും അതുമായി ബന്ധപ്പെട്ട ചാരിറ്റബിൾ കോംപ്ലക്സിനും വിദ്യാലയത്തിനും സമീപം അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ചാരായഷാപ്പ് അവിടെ നിന്നും മാറ്റണമെന്ന് 1985 ആദ്യം പള്ളിവികാരി ഫാ. ജോസഫ് പടമാടനും മറ്റു പൗരമുഖ്യരും ആവശ്യപ്പെട്ടിട്ടും കരാറുകാരൻ അനുസരിച്ചില്ല.

മുഖ്യമന്ത്രിക്കും എക്സൈസ് മന്ത്രിക്കും കലക്ടർക്കും ഭീമഹർജി നൽകിയിട്ടും ഫലമുണ്ടായില്ല. അപ്പോൾ അവർ പ്രത്യക്ഷസമരത്തിലേക്കു നീങ്ങി. ഓശാന ദിവസം (മാർച്ച് 31) കുരുത്തോലകളുമേന്തി ആയിരത്തിലധികം സ്ത്രീപുരുഷന്മാരും കുട്ടികളും ഫാ. പടമാടന്റെ നേതൃത്വത്തിൽ ഷാപ്പിനു മുൻപിൽ ധർണ നടത്തി. ഏപ്രിൽ 1 മുതൽ പിക്കററിംഗ് ആരംഭിച്ചു. ഏപ്രിൽ 2-ാം തീയതി നടന്ന പൊതുസമ്മേളനത്തിൽ പ്രൊഫ. എം.പി. മന്മഥൻ സംബന്ധിച്ചു. ഷാപ്പുപ്രവർത്തനം സ്തംഭിച്ചു. ഏപ്രിൽ 6-ാം തീയതി കളക്ടറുടെ ഉത്തരവു പ്രകാരം ഷാപ്പ് പൂട്ടി. പക്ഷെ 3 മാസത്തിനു ശേഷം ജൂലൈ 3-ന് അതു പോലീസ് സഹായത്തോടെ വീണ്ടും തുറന്നു. ഇത് ജാതിമതഭേദമെന്യേ നാട്ടുകാരെ ക്ഷോഭിപ്പിച്ചു. ജൂലൈ 3-ന് ആരംഭിച്ച ധർണ്ണ ഉൽഘാടനം ചെയ്തത് പ്രൊഫ. ജി.കുമാരപിള്ളയാണ്. നാട്ടുകാരുടെ ഇടയിൽ നിന്നും സ്വമേധയാ പൊട്ടിവിരിഞ്ഞ ഒരു സമരമായിരുന്നു ഇത്. സമരം നീണ്ടു പോയപ്പോൾ കേരള മദ്യനിരോധനസമിതിയുടെ മാർഗ്ഗദർശനം ആവശ്യമാണെന്നു സംഘാടകർക്കു തോന്നിത്തുടങ്ങി. 15-8-1985-ൽ സമിതിയുടെ ഒരു ഘടകം രൂപീകൃതമായി; 5-9-1985-ൽ ഈ ഘടകം പ്രൊഫ. എം.പി. മന്മഥൻ ഉൽഘാടനം ചെയ്തു. ആറു മാസം പിന്നിട്ട സമരം ഗാന്ധിജയന്തി ദിനത്തിൽ കൂട്ടഉപവാസത്തിന്റെ രൂപം കൈക്കൊണ്ടു. ഒടുവിൽ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കും എന്ന ഭീഷണിയുടെ ഫലമായി ഷാപ്പു പൂട്ടുവാൻ അധികാരികൾ നിർബന്ധിതരായി. സംസ്ഥാന നേതാക്കളും ടി.ഒ. ജോർജ്ജ് തുടങ്ങിയ ജില്ലാ നേതാക്കളും ധാർമ്മിക പിൻതുണ നൽകിയിരുന്നെങ്കിലും പുത്തൻചിറയിൽ ഒതുങ്ങി നിന്ന ഒരു വലിയ സമരം ആയിരുന്നു ഇത്.

## 3. ആലക്കോട്

ആലക്കോടുസമരം ഇതിലും വളരെ വിപുലമായിരുന്നു. കാരണം അതിൽ വിസ്തൃതമായ ഒരു പ്രദേശം മുഴുവൻ അന്തർഭവിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിൽ നിന്നും 25 നാഴിക കിഴക്ക് ഏതാണ്ട് സംസ്ഥാനാതിർത്തിക്കടുത്തുള്ള വിശാലമായ കുടിയേറ്റ പ്രദേശത്തിന്റെ കേന്ദ്രസ്ഥാനമാണ് ആലക്കോട്. ആലക്കോടുരാജാ എന്നു പ്രസിദ്ധനായ പൂഞ്ഞാർ പി.ആർ രാജായുടെ നേതൃത്വത്തിൽ നടന്ന കുടിയേറ്റത്തിൽ കത്തോലിക്കർക്കായിരുന്നു ഭൂരിപക്ഷമെങ്കിലും നാനാജാതി മതസ്ഥരുടേയും

പ്രാതിനിധ്യം കുടിയേറ്റക്കാർക്ക് ഉണ്ടായിരുന്നു. 1978-ൽ തലശ്ശേരി അരമനയിൽ നിന്ന് ആഞ്ഞടിച്ച കാറ്റ് ആലക്കോടുകാരേയും സ്പർശിച്ചിരുന്നു. അനിയന്ത്രിതമായ വ്യാജവാറ്റും അനധികൃത വിൽപ്പനയും ആയിരുന്നു അവരെ സംബന്ധിച്ച പ്രധാന പ്രശ്നം. മോഷണം, വ്യഭിചാരം, കൊലപാതകം, ആത്മഹത്യ- ഇതെല്ലാം മദ്യത്തിന്റെ ശമ്പളമായി അവർ കണ്ടു. യുവശക്തി ഉണർന്നു, മദ്യനിരോധന സമിതി കണ്ണൂർ ജില്ലാ ഘടകത്തിന്റെയും ആലക്കോടു മേഖലാ സമിതിയുടെയും ആഭിമുഖ്യത്തിൽ സമരത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. കരുവഞ്ചാലിൽ 17-6-1985ന് ഒരു അനധികൃതഷാപ്പിനു മുൻപിൽ ധർണ്ണ നടത്തിക്കൊണ്ടു ബോധവൽക്കരണം ആരംഭിച്ചു. ജൂലൈ 14-ാം തീയതി സമരപ്രചരണം കേരള മദ്യനിരോധന സമിതി വൈസ് പ്രസിഡണ്ട് ഫാ. തോമ്മസ് തൈത്തോട്ടം ആലക്കോട്ട് ഉൽഘാടനം ചെയ്തു. സെപ്തംബർ 12-ാം തീയതി കണ്ണൂർ കളക്ടർക്ക് ഇതു സംബന്ധിച്ചു നിവേദനം സമർപ്പിച്ചു. കണ്ണൂർ ജില്ലയിൽ 300 ലൈസൻസിന് 1500 ഷാപ്പുകളാണ് നടന്നിരുന്നത്. ജില്ലയിലെ അനധികൃത മദ്യവിൽപ്പന അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ആലക്കോടു മേഖലയിലെ 10 ഷാപ്പുകൾക്കു മുന്നിൽ പടിപടിയായി സത്യാഗ്രഹം നടത്താൻ തീരുമാനിച്ചു. 198 ; ഒക്ടോബർ 2-ാം തീയതി കൂട്ടഉപവാസത്തോടെ സമരം ആരംഭിച്ചു. എൻ.എസ്സ്.എസ്സ്. ഹൈസ്കൂളിനും മുസ്ലീം ആരാധനാലയത്തിനും സമീപത്തു സ്ഥിതിചെയ്യുന്ന കള്ളു-ചാരയ ഷാപ്പുകൾക്കു മുൻപിലായിരുന്നു അഭിവന്ദ്യ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി സമരം ഉൽഘാടനം ചെയ്തത്. കൺട്രാക്ടർമാരുടേയും ഗുണ്ടകളുടേയും മദ്യവ്യവസായത്തൊഴിലാളികളുടെയും അതിക്രമങ്ങളെ നേരിട്ടുകൊണ്ട് നൂറുകണക്കിന് സാധാരണക്കാരായ സ്ത്രീപുരുഷന്മാർ പങ്കെടുത്ത സമരം 109 ദിവസം മുന്നോട്ടു പോയി. 1986 ജനുവരി 12-ാം തീയതി ചാരായ ഷാപ്പും 18-ാം തീയതി കള്ളുഷാപ്പും മാറ്റിയതോടെ സമരം അവസാനിച്ചു.

അഭിവന്ദ്യ മെത്രാനായിരുന്നു സമരത്തിന്റെ രക്ഷാധികാരി. 82 വയസ്സുകാരനായ മാഹി വിമോചകൻ ഐ.കെ.കുമാരൻ മാസ്റ്റർ 110 നാഴിക ദൂരെ മാഹിയിൽ നിന്നും നടത്തിയ പദയാത്രയും ആലക്കോടു നടത്തിയ പര്യടനവും (ഡിസംബർ 28 - ജനുവരി 2) സത്യാഗ്രഹികളെ ആവേശം കൊള്ളിച്ചു. സ്വാതന്ത്ര്യസമരസേനാനികളായ പി.എം.കുഞ്ഞിരാമൻനമ്പ്യാർ, ഏ.വി. ശ്രീകണ്ഠപ്പൊതുവാൾ, പാമ്പൻ

മാധവൻ തുടങ്ങിയവർ അവർക്കു ധാർമ്മിക പിൻതുണ ഏകി. കണ്ണൂർ ജില്ലക്കാരായ ഫാ. തോമ്മസ് തൈത്തോട്ടം (വൈസ് പ്രസിഡണ്ട്) മാത്യുഎം. കണ്ടം (സെക്രട്ടറി) എന്നീ സംസ്ഥാന നേതാക്കൾ സമരത്തിനു മാർഗ്ഗദർശനം നൽകി. പ്രൊഫ. എം.പി. മന്മഥൻ, പ്രൊഫ.ജി.കുമാരപിള്ള, ടി.എൻ. നാണുനായർ തുടങ്ങിയ സംസ്ഥാന നേതാക്കളുടെ സന്ദർശനവും പര്യടനവും സമരത്തിനു പുതിയ ഊർജ്ജം കൊടുത്തു. പി.കെ. ഗ്രിഗറി (പ്രസിഡണ്ട്) ടി.പി.ആർ നാഥ് (സെക്രട്ടറി) എന്നിവരുൾപ്പെട്ട ജില്ലാ മദ്യനിരോധന സമിതിയും മാത്യു അരേശ്ശേരി (പ്രസിഡണ്ട്) എം.ജി. രാമകൃഷ്ണൻനായർ,വി.കെ. ഗോപി, കെ.ദിവാകരൻ തുടങ്ങിയ മേഖലാസമിതി പ്രവർത്തകരും ദൈനന്ദിന പരിപാടികൾക്കു നേതൃത്വം വഹിച്ചു. പി.ജെ. ജോണി റിപ്പോർട്ടിങ്ങിൽ ശ്രദ്ധിച്ചു.

ആകപ്പാടെ കണ്ണൂർ ജില്ലയിലെ മലയോര പ്രദേശങ്ങളെ പ്രകമ്പനം കൊള്ളിക്കാൻ പര്യാപ്തമായിരുന്നു ആലക്കോടു മദ്യവിരുദ്ധസമരം.

## 4. രാമമംഗലം

രാമമംഗലം സമരം വെളിയിലുള്ള പ്രവർത്തകരുടെ ശ്രദ്ധയിൽപെട്ടത് 1986 ജൂലൈ മാസത്തിലെ 'പ്രോഹിബിഷൻ' മാസികയിൽ പ്രൊഫ.എം.പി. മന്മഥൻ എഴുതിയ 'രാമമംഗലത്തെ രസകരമായ പോലീസ് വിക്രിയകൾ' എന്ന മുഖപ്രസംഗം വഴിയും ചില ചെറിയ പത്രവാർത്തകൾ വഴിയും ആണ്. ഊരമന ഉൾപ്പെടുന്ന രാമമംഗലം പഞ്ചായത്തിന്റെ ആസ്ഥാനമാണു പുരാണപ്രസിദ്ധവും സംഗീതലോകത്തിലെ മഹാത്ഭുതമായിരുന്ന ഷട്കാല ഗോവിന്ദമാരാരുടെ ജന്മസ്ഥലമെന്ന നിലയിൽ ചരിത്രപ്രസിദ്ധവും ആയ രാമമംഗലം. അവിടെ ആശുപത്രിക്കവലയിൽ വർഷങ്ങളായി നടത്തിവന്നിരുന്ന അനധികൃതചാരായഷാപ്പിനെതിരെ ആയിരുന്നു സമരം. മൂന്നുക്ഷേത്രങ്ങൾ, ഒരു കുരിശുപള്ളി, ഹെൽത്തുസെന്റർ, ഹൈസ്ക്കൂൾ എന്നിവ ഈ ഷാപ്പിന്റെ പരിധിക്കുള്ളിലായിരുന്നു. തന്നെയുമല്ല 15–8–1985 മുതൽ തുടങ്ങിയ ജനകീയ നീക്കങ്ങൾ മൂലം ഈ ഷാപ്പ് ഈ പ്രദേശത്തെ മറ്റു പല ഷാപ്പുകളോടൊപ്പം അടപ്പിച്ചിരുന്നതുമാണ്. ജനഹിതം മാനിക്കാതെ എക്സൈസ് വകുപ്പു രഹസ്യമായി കൊടുത്ത ലൈസൻസോടുകൂടി തൊട്ടടുത്തുള്ള ഒരു പഴയ അറവുശാലയിൽ

7-4-1986-ൽ പോലീസ് സഹായത്തോടെ ചാരായഷാപ്പ് പുനരാരംഭിച്ചു. ഷാപ്പിനു സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് കൺട്രാക്ടർ നൽകിയ അപേക്ഷ ഹൈക്കോടതി തള്ളി. പക്ഷേ, രാമമംഗലം പോലീസ് സബ് ഇൻസ്പെക്ടർ ആ ചുമതല ഏറ്റെടുത്തു. സമരത്തിനുവരുന്ന പുരുഷന്മാരെ വിരട്ടുക, സ്ത്രീകളോടു ആഭാസത്തരം പറയുക എന്നുള്ളതെല്ലാം നിത്യസംഭവങ്ങളായി. 30 വർഷക്കാലം രാമമംഗലം ഹൈസ്ക്കൂളിൽ അദ്ധ്യാപകനും ഹെഡ് മാസ്റ്ററുമായിരുന്നു റിട്ടയർ ചെയ്ത സമരനേതാവ് ടി. എസ്. നാരായണൻ നായരെ തെറി പറയുകയും കൈയ്യേറ്റം ചെയ്യാൻ മുതിരുകയും ചെയ്തു. സമരക്കാർക്ക് യഥാസമയം മൈക്ക് അനുവദിക്കുവാൻ വിസമ്മതിച്ചു. അപ്പോളവർ ചെണ്ടമേളം ആരംഭിച്ചു. ഇതും ഇൻസ്പെക്ടർ നിരോധിച്ചു. "ഗോവിന്ദമാരാരുടെ നാട്ടിലോ ചെണ്ടയ്ക്കു വിലക്ക്?" എന്നു ചോദിച്ചുകൊണ്ട് ജനങ്ങൾ ഈ നിരോധനത്തെ ചെറുത്തു. അവർ പ്രകോപിതരാകുകയോ തളരുകയോ ഉണ്ടായില്ല. 100 ദിവസം കഴിഞ്ഞിട്ടും അഹിംസാത്മകസമരം തുടർന്നു. പ്രൊഫ. എം.പി.മന്മഥൻ, പ്രൊഫ. ജി. കുമാരപിള്ള, പി. കെ. ബാലകൃഷ്ണപിള്ള തുടങ്ങിയ സംസ്ഥാനനേതാക്കന്മാരുടെ സന്ദർശനം അവരുടെ ആത്മവീര്യം വളർത്തി. അവസാനം പോലീസിന്റെ വിക്രിയകൾ പരാജയപ്പെട്ടു.

## 5. കളത്തുവയൽ

വയനാട്ടിൽ കേരള മദ്യനിരോധനസമിതിയുമായി ബന്ധപ്പെട്ട ആദ്യത്തെ മദ്യവിരുദ്ധസമരം നടക്കുന്നത് കളത്തുവയൽ എന്ന ഗ്രാമത്തിലാണ്. കോഴിക്കോടുനിന്ന് മൈസൂർക്കുള്ള രാജ്യാന്തരപാതയിൽ 90 നാഴികയോളം കിഴക്കായി ബത്തേരി താലൂക്കിൽ കിടക്കുന്ന അമ്പലവയൽ എന്ന ചെറുപട്ടണത്തിനടുത്താണ് ഈ പ്രദേശം. വ്യാജവാറ്റും അനധികൃതമായ മദ്യവിൽപ്പനയും നടത്തുന്ന ഒരു ചാരായഷാപ്പിന് എതിരായിട്ടായിരുന്നു സമരം. കുടിയേറ്റക്കാരായ ചെറുകിട കർഷകരുടേയും ആദിവാസികളുടേയും തൊഴിലാളികളുടേയും ചെറുവീടുകൾ ചിതറിക്കിടക്കുന്നതും ഗതാഗതസൗകര്യം കുറഞ്ഞതുമായ ഈ ഗ്രാമത്തിൽ ജനങ്ങൾക്കു മദ്യം കൊണ്ടു പൊറുതിമുട്ടിയിട്ടും അവരെ സംഘടിപ്പിക്കുക എളുപ്പമായിരുന്നില്ല. ഒടുവിൽ കേശവൻ നായർ എന്ന കളരിയാശാന്റെ കീഴിൽ അവർ 1984 ഒക്ടോബറിൽ സംഘടിച്ചു. ജില്ലാ മദ്യനിരോധന

സമിതി സെക്രട്ടറിയുമായി ബന്ധപ്പെട്ട് സമിതിയുടെ ഒരു ഘടകം രൂപീകരിച്ചു. ഷാപ്പിനെതിരെ അധികൃതസ്ഥാനങ്ങളിൽ നിവേദനം നടത്തി. ആ പ്രദേശത്തെ മറ്റു ചില അനധികൃതമദ്യശാലകൾ അടച്ചെങ്കിലും ഈ ഷാപ്പ് തുടർന്നു. 1985 മാർച്ച് 31-ാം തീയതി ക്കുശേഷം ഇതു തുറക്കുകയില്ലെന്നു മദ്ധ്യസ്ഥന്മാർ മുഖാന്തിരം ഉറപ്പു നൽകുകയാൽ അപ്പോൾ ബഹുജനസമരം ആരംഭിച്ചില്ല. പക്ഷെ ജൂൺമാസം പകുതി ആയപ്പോഴേക്കും ഷാപ്പു വീണ്ടും തുറന്നു. സൂചനാ സത്യാഗ്രഹവും നിവേദനവും കലക്ടറേറ്റ് ധർണ്ണയും ഒന്നും ഫലപ്പെട്ടില്ല. ഒടുവിൽ ആഗസ്റ്റ് 15-ാം തീയതി ഷാപ്പിനും മുൻപിൽ സത്യാഗ്രഹം ആരംഭിച്ചു. കേരള മദ്യനിരോധനസമിതിയുടെ നേതാവു പ്രൊഫ. ജി. കുമാരപിള്ളയാണു സത്യാഗ്രഹം ഉൽഘാടനം ചെയ്തത്. പിന്നീട് പ്രസിഡന്റ് പ്രൊഫ. എം. പി. മന്മഥൻ സ്ഥലം സന്ദർശിച്ചു. ഇരുവരുടേയും ജില്ലാ നേതാവും അമ്പലവയലിൽ അദ്ധ്യാപകനും ആയ എം. വാപ്പന്റേയും മറ്റും സാന്നിദ്ധ്യവും വചനങ്ങളും സമരഭടന്മാർക്ക് മനോവീര്യം പകർന്നു. അറച്ചുനിന്ന നാട്ടുകാർ സമരത്തിൽ ആവേശത്തോടെ ചേർന്നു. അവരെ ഭിന്നിപ്പിക്കാനും ഭീഷണിപ്പെടുത്താനുമുള്ള ശ്രമങ്ങൾ വിലപ്പോയില്ല. ഒടുവിൽ മദ്ധ്യസ്ഥന്മാർ വീണ്ടും ഇടപെട്ടു. അങ്ങനെ ഡിസംബർ മാസത്തോടെ ഷാപ്പു പൂട്ടി. ജനശക്തിയുടെ ഒരു മുന്തിയ വിജയം ആയിരുന്നു ഇത്.

## 6. മുള്ളുവിള

തിരുവനന്തപുരം ജില്ലയിൽ വെങ്ങാനൂർ പഞ്ചായത്ത് അതിർത്തിയിലുള്ള മുള്ളുവിള ഗ്രാമത്തിലെ മദ്യവിരുദ്ധസമരം വ്യത്യസ്തമായിരുന്നു. ഉണർന്ന ജനശക്തി ഒരു ഹ്രസ്വകാലം കൊണ്ട് വിജയം കൈവരിച്ച കഥയാണിത്. നാടാർ സമുദായത്തിലും ഹരിജനവിഭാഗത്തിലും പെട്ട പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന ഈ ഗ്രാമത്തിൽ 1986 ആദ്യം പൊടുന്നനെ ഒരു ചാരായഷാപ്പ് പ്രത്യക്ഷപ്പെട്ടു. ക്രമേണ ഗ്രാമത്തിലെ സ്വൈരജീവിതം അവതാളത്തിലായി. ഈ ദുഃസ്ഥിതിക്കെതിരെ യുവാക്കൾ പ്രതികരിച്ചു. വെങ്ങാനൂർ ഗാന്ധിസ്മാരക ഗ്രാമ സേവാ കേന്ദ്രത്തിലെ മുഖ്യപ്രവർത്തകനും ജില്ലാ മദ്യനിരോധന സമിതി സെക്രട്ടറിയുമായ ജി.സദാനന്ദന്റെ നേതൃത്വത്തിൽ അവർ സംഘടിച്ചു. ജൂലായ് 14-ാം തീയതി പൊതുയോഗം ചേർന്നു ഷാപ്പുടമയ്ക്ക് അന്ത്യശാസനം നൽകാൻ

തീരുമാനിച്ചു. പിറ്റേദിവസം വൈകുന്നേരത്തേക്കു ഷാപ്പ് അടയ്ക്കാത്ത പക്ഷം സത്യാഗ്രഹം ആരംഭിക്കുമെന്നു പ്രഖ്യാപിച്ചു. പറഞ്ഞ സമയത്തേക്കു ഷാപ്പ് അടച്ചില്ല. ജനങ്ങൾ യോഗം കൂടി സമാധാനപരമായി ഷാപ്പ് അടക്കാനും ഷെഡ് പൊളിച്ചു സാധനങ്ങൾ അടുക്കാനും ചാരായം നശിപ്പിക്കാനും നിശ്ചയിച്ചു. യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ ചാരായജീപ്പ് അതുവഴി വന്നു. ചാരായം ഇറക്കുവാൻ ജനങ്ങൾ സമ്മതിച്ചില്ല. ഉടമയുടെ ഗുണ്ടകൾ മുഴക്കിയ ഭീഷണിയും വൃഥാവിലായി. ഷാപ്പും ചാരായവും മറ്റു സാമഗ്രികളും അതേ ജീപ്പിൽ കയറ്റി എന്നെന്നേക്കുമായി സ്ഥലം വിടാൻ അവർ നിർബന്ധിതരായി. മദ്യഷാപ്പ് ആക്രമിക്കപ്പെട്ടു എന്ന പരാതിയുമായി ഉടമ വിഴിഞ്ഞം പോലീസിനെ സമീപിച്ചു. ജൂലായ് 17-ാം തീയതി ഗ്രാമവാസികൾ പോലീസ് സ്റ്റേഷനിലേക്ക് മാർച്ചു ചെയ്തു. അവരുടെ വിശദീകരണത്തിൽ നിന്നും പോലീസിനു സത്യം മനസ്സിലായി.

## 7. നരിപ്പറ്റ

ഏതാണ്ട് അഴിമാവു സത്യാഗ്രഹത്തിന്റെ (2-10-1987 - 7-12-1988) കാലത്താണ് നരിപ്പറ്റ (27-11-1987 - 2-2-1989) സമരവും നടന്നത്. അക്കാലത്തു കോഴിക്കോട് ജില്ലയിൽ ഉണ്ടായ ഏറ്റവും ശ്രദ്ധേയമായ മദ്യവിരുദ്ധസമരവും ഇതായിരുന്നു. 1988 ജൂൺ 11-ാം തീയതി അഴിമാവ് - നരിപ്പറ്റ ദിനമായി ആചരിക്കാൻ പ്രൊഫ. എം. പി. മന്മഥൻ അഹ്വാനം ചെയ്തതിൽ നിന്നുതന്നെ അതിന്റെ പ്രാധാന്യം ഊഹിക്കാം.

വടകരത്താലൂക്കിന്റെ കിഴക്കുമാറി നാദാപുരത്തിന് അടുത്തുള്ള നരിപ്പറ്റ പഞ്ചായത്തിൽപെട്ട ഒരു ഗ്രാമമാണ് അതേ പേരുള്ള നരിപ്പറ്റ. ഈ ശാന്തമായ ഗ്രാമത്തിൽ ഒരു ചാരായഷാപ്പ് വന്നതോടെ അസ്വസ്ഥത ആരംഭിച്ചു. ഗ്രാമീണ വിദ്യാലയത്തിന് ഇരുന്നൂറു വാര ഉള്ളിലായിരുന്നു ഷാപ്പ്. ജനങ്ങൾ ശക്തമായി പ്രതിഷേധിച്ചപ്പോൾ അതു കുറച്ചു ദൂരത്തേക്കു മാറ്റി. അതു നിയമാനുസൃതം ആയല്ലോ എന്നായിരുന്നു കൺട്രാക്ടറുടെ ആശ്വാസം. പക്ഷേ ഗ്രാമത്തിൽ മദ്യശാലയേ വേണ്ടെന്നുള്ള നിലപാടെടുത്തു ജനങ്ങൾ. അങ്ങനെ ജനനീതിയും ഭരണനീതിയും തമ്മിലായി തർക്കം. ഔദ്യോഗികതലത്തിൽ നടത്തിയ നിവേദനങ്ങൾക്കു ഫലമു

ണ്ടായില്ല. അതിനാൽ 27-11-1987-ൽ പ്രത്യക്ഷസമരം ആരംഭിച്ചു. അധികാരികൾ കണ്ണു തുറന്നില്ല. ജനങ്ങൾ എക്സൈസ് റേഞ്ച് ആപ്പീസിലേക്കു മാർച്ച് ചെയ്തു, പരാതി കൊടുത്തു. പ്രതികരണം ഉണ്ടായില്ല. ജനസമ്പർക്കവും പ്രചരണവും തീവ്രമാക്കി. പത്രങ്ങളിൽ വാർത്തകൾ വന്നു തുടങ്ങി. 1998 മാർച്ച് 10-നു നാഴികകൾ താണ്ടി കോഴിക്കോട് അസി. എക്സൈസ് കമ്മീഷണർ ആഫീസിലേക്കു മാർച്ചു ചെയ്തു. പ്രൊഫ. എം. പി. മന്മഥനാണ് മാർച്ച് ഉൽഘാടനം ചെയ്തത്. കോഴിക്കോടു നിന്നു തിരിച്ചു വന്നു പിക്കറ്റിംഗ് ആരംഭിച്ചു. പോലീസ് സന്നദ്ധ ഭടന്മാരെ അറസ്റ്റുചെയ്തു നീക്കി.

ഏപ്രിൽ 6-ന് അറസ്റ്റുചെയ്യപ്പെട്ടവർ തങ്ങളെ കോടതിയിൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു. 24 പേരെ അറസ്റ്റുചെയ്തു റിമാൻഡിൽ വച്ചു. ഷാപ്പു പൂട്ടുമെന്ന് ഉറപ്പു കിട്ടയപ്പോൾ അവർ തടവറകളിൽ നിന്നു ജാമ്യത്തിൽ ഇറങ്ങി. പക്ഷേ ഉറപ്പു പാലിക്കപ്പെട്ടില്ല. അതിനാൽ ഏപ്രിൽ 20-ന് കോഴിക്കോട് കളക്ടറേറ്റിൽ മൗനഉപവാസം അനുഷ്ഠിച്ചു. എന്നിട്ടും കാര്യം നടന്നില്ല. ഏപ്രിൽ 30 മുതൽ ഷാപ്പിനു മുൻപിൽ എന്നും 12 മണിക്കൂർ നീണ്ടുനിൽക്കുന്ന വ്യക്തിപരമായ ഉപവാസം നടത്തി. പക്ഷേ ഷാപ്പുടമ കുലുങ്ങിയില്ല. അയാൾക്കു രാഷ്ട്രീയ പിൻതുണ ഉണ്ടായിരുന്നു. ജൂലൈ 21, 22, 23 എന്നീ തീയതികളിൽ പ്രവർത്തകർക്കായി നടത്തിയ ക്യാമ്പ് ജനങ്ങളുടെ ആത്മധൈര്യം ഉണർത്തി. ഐ.കെ. കുമാരൻ, ഏ.വി.ശ്രീകണ്ഠപ്പൊതുവാൾ, പ്രൊഫ. ജി.കുമാരപിള്ള ആദിയായവർ ക്യാമ്പിനു വന്നു. 27-ാം തീയതി പ്രവർത്തകരിൽ ചിലർ അഴിമാവു സന്ദർശിച്ചു. സത്യാഗ്രഹം തുടരവേ ജനങ്ങൾ ഹൈക്കോടതിയെ സമീപിച്ചു. ഷാപ്പുമാറ്റുന്ന കാര്യം പരിഗണിക്കണമെന്ന കോടതി നിർദ്ദേശപ്രകാരം സർക്കാർ നടപടി ഒന്നും എടുത്തില്ല. സ്വാതന്ത്ര്യദിനത്തിൽ സമരസംഘാടകർ ജനവിധി തേടി. ജനഹിതപരിശോധനയിൽ 92 ശതമാനം ജനങ്ങൾ പങ്കെടുത്തു. അതിൽ 2 ശതമാനമേ ഷാപ്പിനെ അനുകൂലിച്ചുള്ളു. 88 ശതമാനം പേർ എതിർത്തു. തിരുവോണദിവസം (ആഗസ്റ്റ് 26) കൂട്ടഉപവാസം നടത്തുകയും, തുടർന്ന് പിക്കറ്റിംഗ് പുനരാരംഭിക്കുകയും ചെയ്തു. പോലീസ് സന്നദ്ധ ഭടന്മാരെ മാറ്റി തടഞ്ഞു വച്ചുകൊണ്ടിരുന്നു. ആഗസ്റ്റ് 31-ന് ഹൈക്കോടതി നിർദ്ദേശം പരിഗണിച്ചുള്ള തെളിവെടുപ്പ് അധികാരികൾ ആരംഭിച്ചു. തെളിവു നൽകാനായി നരിപ്പറ്റക്കാർ വടകരക്കു മാർച്ചു

ചെയ്തു. ഡിസംബർ 29–നു തിരുവനന്തപുരത്തു വച്ച് എക്സൈസ് കമ്മീഷണർ കേസു വിചാരണ നടത്തി. വിചാരണയിലെ നിഗമനം ഷാപ്പിന് എതിരായിട്ടായിരുന്നു. ഷാപ്പു പൂട്ടാൻ ജനുവരി മദ്ധ്യത്തോടെ റവന്യു ബോർഡ് ഉത്തരവിട്ടു. 2–2–1989–ൽ 433 ദിവസത്തെ സമരത്തിനുശേഷം നരിപ്പറ്റ മദ്യവിമുക്തമായി.

ജനങ്ങൾക്ക് ആവശ്യമില്ലാത്ത ഒരു മദ്യശാല അവരുടെ മേൽ കെട്ടിവെക്കാൻ ഭരണകൂടം ശ്രമിച്ചാൽ ഗ്രാമീണജനതയ്ക്കു സത്യാഗ്രഹം കൊണ്ട് ആ ശ്രമത്തെ തടയാൻ കഴിയും എന്ന സന്ദേശമാണ് നരിപ്പറ്റ നൽകുന്നത്. സമരം ആരംഭിച്ചപ്പോൾ തന്നെ മദ്യനിരോധനസമിതിയുടെ ഒരു ഘടകം അവിടെ രൂപീകരിക്കുകയുണ്ടായി. ഘടകം പ്രസിഡണ്ട് വി.കെ. കൃഷ്ണക്കുറുപ്പ്, സെക്രട്ടറി പി.പി. ശങ്കരൻ എന്നിവരും ടി.പി.ശങ്കരൻ, എം. ബാലകൃഷ്ണൻ, ടി.പി. ഗംഗാധരൻ, നാസർ നരിപ്പറ്റ എന്നിവർ അടങ്ങുന്ന കർമ്മസമിതിയും ആണ് ആദ്യം സമരത്തെ നിയന്ത്രിച്ചത്. 1988 ഫെബ്രുവരി 11 മുതൽ നിയന്ത്രണം ജില്ലാ സമിതി ഏറ്റെടുത്തു. ജില്ലാ സമിതിയിലെ ടി.എം. രവീന്ദ്രൻ, ഇയ്യാച്ചേരി കുഞ്ഞിക്കൃഷ്ണൻ തുടങ്ങിയ യുവനേതാക്കന്മാരുടെ സ്ഥിരോത്സാഹവും പ്രത്യുൽപന്നമതിത്വവും അർപ്പണബോധവും സമരത്തിന്റെ വിജയത്തിൽ വലിയ പങ്കുവഹിച്ചു

## 8. കുറുപ്പന്തറ

കോട്ടയം ജില്ലയിൽ കുറുപ്പന്തറയിൽ സെന്റ് തോമ്മസ് ദേവാലയത്തിന്റെയും എൽ.പി. സ്കൂളിന്റെയും സമീപം പ്രവർത്തിച്ചിരുന്ന ചാരായഷാപ്പും കള്ളുഷാപ്പും ദീർഘകാലത്തെ ശ്രമം കൊണ്ട് 1988 ഏപ്രിൽ – മേയ് മാസങ്ങളിൽ അടച്ചുപൂട്ടുകയുണ്ടായി. കേരള മദ്യനിരോധന സമിതി കുറുപ്പന്തറ ഘടകം പരാതികളുടെയും നിവേദനങ്ങളുടെയും രൂപത്തിൽ രണ്ടു വർഷക്കാലം നടത്തിയ പ്രയത്നം ഫലപ്രാപ്തിയിൽ എത്താതെ വന്നപ്പോൾ അവർ പ്രത്യക്ഷ സമരത്തെ ആശ്രയിക്കുകയാണുണ്ടായത്. അനധികൃത മദ്യശാലകൾക്കെതിരായുള്ള സമരത്തിനു സംസ്ഥാനസമിതി നൽകിയ ആഹ്വാനത്തിന്റെ വെളിച്ചത്തിൽ കുറുപ്പന്തറയെ പരീക്ഷണവേദിയാക്കുവാൻ ജില്ലാസമിതി തീരുമാനിച്ചു. പ്രാദേശികഘടകം

ഇത് അംഗീകരിക്കുകയും ഫെബ്രുവരി 16–ാം തീയതി പ്രൊഫ.എം.പി.മന്മഥന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ വച്ച് ഒരു സമരസഹായസമിതി രൂപീകരിക്കുകയും ചെയ്തു. സെന്റ് തോമ്മസ് പള്ളി വികാരി ഫാ. തോമ്മസ് കുഴിക്കാട്ടിൽ, ജോസഫ് സെബാസ്റ്റ്യൻ, പി.പി. കുമാരൻ നായർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള സഹായസമിതി കുറുപ്പന്തറയിലും സമീപപ്രദേശങ്ങളിലും വിപുലമായ ബോധവൽക്കരണം നടത്തി; മാർച്ച് 7–ാം തീയതി ചാരായഷാപ്പിനു മുമ്പിൽ വൻപിച്ച സമ്മേളനം കൂടി 22–ാം തീയതി മുതൽ സമരം ആരംഭിക്കും എന്ന് പ്രഖ്യാപിച്ചു. അന്നേ ദിവസം പ്രൊഫ. എം.പി. മന്മഥന്റെ ഏകദിന ഉപവാസത്തോടെ സമരം തുടങ്ങി. കുറപ്പന്തറ കവലയിലെ ഡ്രൈവേഴ്സ് യൂണിയൻ ഉൾപ്പെടെ പല സംഘടനകളും വ്യക്തികളും പ്രൊഫ. മന്മഥന് അഭിവാദനം അർപ്പിക്കാൻ എത്തി : 10 ദിവസത്തെ ധർണ്ണയും പ്രകടനവും കൊണ്ട് ചാരായഷാപ്പ് അടപ്പിക്കാൻ കഴിഞ്ഞു. എന്നാൽ 60 വർഷത്തെ 'സർവീസ്' ഉള്ള തന്റെ സ്ഥാപനം പള്ളിയേയും പള്ളിക്കൂടത്തേയുംകാൾ പഴക്കം ഉള്ളതാണെന്നു കള്ളുഷാപ്പ് കൺട്രാക്ടർ വീമ്പിളക്കി. ആവേശഭരിതരായ ജനങ്ങൾ ഏപ്രിൽ 8–ാം തീയതി മുതൽ കള്ളുഷാപ്പിന്റെ മുൻപിൽ സമരം ആരംഭിച്ചു. കവലയിലെ ചുമട്ടുതൊഴിലാളികൾ സമരഭടന്മാരെ അഭിവാദ്യം ചെയ്യുകയും പ്രൊഫ. എം.പി. മന്മഥനെ നോട്ടുമാല അണിയിക്കുകയും ചെയ്തു. കോരിച്ചൊരിയുന്ന മഴയത്തും ധർണ്ണ നടത്തുന്ന സന്നദ്ധഭടന്മാർ ഒരു കാഴ്ച തന്നെയായിരുന്നു. പ്രൊഫ. മന്മഥനെക്കൂടാതെ ഫാ.കുരിയാക്കോസ് പാറയ്ക്കൽ, ഫാ. തോമ്മസ് തൈത്തോട്ടം പ്രൊഫ.പി.കെ.ബി. നായർ, പ്രൊഫ. ജി.കുമാരപിള്ള എൻ.എസ്സ്.എസ്സ്. ജനറൻ സെക്രട്ടറി പി.കെ. നാരായണപ്പണിക്കർ തുടങ്ങിയ പ്രമുഖർ സ്ഥലം സന്ദർശിക്കുകയും പ്രസംഗിക്കുകയും ചെയ്തു. അവസാനം ബഹുജന മുന്നേറ്റത്തിനെതിരെ പിടിച്ചുനിൽക്കുവാൻ നിവൃത്തിയില്ലാതെ ഷാപ്പ് മറ്റൊരാൾക്ക് കൈമാറി കൺട്രകാട്ർ രായ്ക്കുരാമാനം സ്ഥലംവീട്ടു. മെയ് 5–നു മുമ്പ് ഷാപ്പ് പൂട്ടണമെന്ന് സമരസമിതി പുതിയ കരാറുകാരന് അന്ത്യശാസനം നൽകി. ജനരോഷം ഭയന്ന് അയാൾ വഴങ്ങി. ആകെ 39 ദിവസത്തെ പ്രത്യക്ഷസമരം കൊണ്ട് രണ്ട് ഷാപ്പുകളും പൂട്ടാൻ കഴിഞ്ഞത് ബോധവൽക്കരണത്തിലൂടെ ആ പ്രദേശത്തിലെങ്ങും വമ്പിച്ച ജനപിന്തുണ നേടിയിരുന്നതുകൊണ്ടാണ്.

എന്നാൽ അവൻ വീണ്ടും വന്നു. 4 വർഷത്തിനുശേഷം കവലയിൽ സസ്യമാർക്കറ്റിനടുത്ത് ഒരു ചാരായഷാപ്പിനുള്ള പണി 1992 ജൂലൈ 15-ാം തീയതി ആരംഭിച്ചു. പുതിയ ഷാപ്പ് പാടില്ലെന്ന് നാട്ടുകാർ പറഞ്ഞു. പൗരസമിതിയും മദ്യനിരോധനസമിതിയും ചേർന്ന് പരാതി നൽകി. മുൻപ് അടച്ചത് 44-ാം നമ്പർ ഷാപ്പാണെന്നും ഇപ്പോൾ പുനരവതാരം കൊള്ളുന്നത് 45-ാം നമ്പറാണെന്നും സാങ്കേതിക വ്യാഖ്യാനം നൽകി അധികൃതർ ഉരുണ്ടുകളിച്ചു. പക്ഷേ പോലീസ് സഹായമുണ്ടായിട്ടും ഷാപ്പ് തുടങ്ങാനുള്ള സാധനങ്ങൾ ഇറക്കാൻ ജനങ്ങൾ സമ്മതിച്ചില്ല. പിന്നെ ആരോരുമറിയാതെ പാതിരാത്രിക്ക് സാധനങ്ങൾ ഇറക്കി കാലത്ത് കച്ചവടം തുടങ്ങി. ജനങ്ങൾ ധർണ്ണയും ആരംഭിച്ചു. ഷാപ്പ് പ്രവർത്തനം സ്തംഭിച്ചു. കൺട്രാക്ടർ കോടതിയെ സമീപിച്ച് ഇൻജക്ഷൻ ഉത്തരവ് സമ്പാദിച്ചു. ധർണ്ണയുടെ രൂപം മാറ്റി സമയം നിയന്ത്രിച്ചു സമരം തുടർന്നു. സമരം 175 ദിവസം പിന്നിട്ടപ്പോൾ സാമൂഹിക-സാംസ്കാരിക നേതാക്കന്മാർ ചേർന്ന് സഹായസമിതി ഉണ്ടാക്കുകയും കവലയിൽ പൂർണ്ണദിന റിലേ ഉപവാസം ആരംഭിക്കുകയും ചെയ്തു. സസ്യമാർക്കറ്റിൽ നിന്നും ഉപവാസവേദിയിലേക്ക് യുവജനങ്ങൾ നടത്തിയ ശയനപ്രദിക്ഷിണം ആവേശജനകമായിരുന്നു. ഉപവാസം 30 ദിവസം നീണ്ടുനിന്നു. പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, വിജയപുരം മെത്രാൻ മാർ പീറ്റർ തുരുത്തിക്കോണം, ഡോ. സുകുമാർ അഴീക്കോട്, പ്രൊഫ. എം.പി. മന്മഥൻ മുതലായവരുടെ സന്ദർശനം സമരത്തിന് ഗൗരവമണച്ചു. 228-ാം ദിവസം നിയമസഭയിൽ പി.എം. മാത്യു എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മറുപടിയായി ഷാപ്പ് മാർച്ച് 31-ന് അടയ്ക്കുമെന്ന് മന്ത്രിയിൽ നിന്ന് ഉറപ്പ് ലഭിച്ചു. 229-ാം ദിവസത്തെ പിക്കറ്റിംഗോടെ സമരം തൽക്കാലം നിർത്തി. 31-ാം തീയതി ഷാപ്പ് അടച്ചു. ദൂര പരിധി ലംഘിച്ചുകൊണ്ട് ഒരു ഷാപ്പും അനുവദിക്കില്ലെന്ന് ഉറപ്പ് കിട്ടി. അങ്ങനെ കുറപ്പന്തറയിലെ രണ്ടാം സമരം അവസാനിച്ചു. കെ.ടി. ജെയിംസ് കളരിപ്പറമ്പിൽ, ഫാ. ജോൺ മാളിയേക്കൽ, കെ.ജെ. കുരിയൻ എന്നിവർ ഈ സമരത്തിൽ നല്ല പങ്ക് വഹിച്ചു. 1988ൽ അടച്ച കള്ളുഷാപ്പ് 9-11-1997ൽ ഒരു പ്രാർത്ഥനാലയമായി മാറി!

## 9. മരിയാപുരം

ഇടുക്കി ജില്ലയെ കേരള മദ്യനിരോധനസമിതിയുമായി അടുപ്പിച്ച സംഭവങ്ങളിൽ ഒന്നായിരുന്നു മരിയാപുരം സമരം. ഇടുക്കി പട്ടണത്തിന

ടുത്ത് 500 കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമത്തിലെ സൈ്വരജീവിതത്തിന്റെ താളംതെറ്റിച്ചുകൊണ്ട് രണ്ട് അനധികൃത ചാരായഷാപ്പും ഒരു അംഗീകൃത കള്ളുഷാപ്പും ജനങ്ങളിൽ നിന്ന് ആണ്ടിനാൽ 10 ലക്ഷം രൂപയെങ്കിലും പിടുങ്ങിക്കൊണ്ട് വിലസിയിരുന്നു. 1989 ആദ്യം അവിടേക്ക് സ്ഥലം മാറിവന്ന കത്തോലിക്കാ പള്ളി വികാരി ഫാ. സേവ്യർ വെള്ളാരംകാട്ടിൽ ഇതുകണ്ട് വിഷമിച്ചു. മദ്യത്തിനെതിരെ അദ്ദേഹം പ്രാർത്ഥന, ഉപവാസം, പ്രഭാഷണം എന്നീ മാർഗ്ഗങ്ങളിലൂടെ നിരന്തരമായ ബോധവൽക്കരണം ആരംഭിച്ചു. പരിപാടിക്ക് വരുന്നവരിൽ നിന്ന് 19-5-1989-ൽ ഒരു മദ്യവർജ്ജനസമിതി രൂപീകരിച്ചു. സമിതിയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണം തീവ്രമായി. ഷാപ്പുടമകൾ മുറുമുറുത്തു. സിറ്റി (അങ്ങാടി)യിൽ നിന്ന് 400 വാര അകലെ പ്രവർത്തിച്ചിരുന്ന കള്ളുഷാപ്പ് സമരവേദിയുടെ അടുത്തേക്ക് ഒരു വെല്ലുവിളി എന്നപോലെ കരാറുകാരൻ മാറ്റി. ഇത് പ്രസ്ഥാനവുമായി സഹകരിക്കാതിരുന്നവരെപ്പോലും അരിശം കൊള്ളിച്ചു. പ്രവർത്തകർ കേരളമദ്യനിരോധന സമിതിയുമായി ബന്ധപ്പെട്ടു. ജനറൽ സെക്രട്ടറി പി.കെ. ബാലകൃഷ്ണപിള്ള സ്ഥലം സന്ദർശിച്ച് സമിതിയുടെ ഒരു ഘടകം രൂപീകരിച്ചു. ഇതോടെ കൂടുതൽ ധൈര്യം ലഭിച്ച പ്രവർത്തകർ അധികൃതരെ സമീപിച്ചു. അനധികൃത ചാരായഷാപ്പ് രണ്ടും നിറുത്തുകയും കള്ളുഷാപ്പ് ഹൈസ്ക്കൂളിൽ നിന്ന് 400 വാര അകലത്തേക്ക് മാറ്റുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടു. ചാരായഷാപ്പ് രണ്ടും നിറുത്തി. പക്ഷെ കള്ളുഷാപ്പ് തുടർന്നു. അംഗീകരിച്ച സ്ഥലത്തല്ല എന്ന കാരണത്താൽ പിന്നീട് അധികൃതർ അതും അടപ്പിച്ചു.

പക്ഷേ 22 ദിവസം കഴിഞ്ഞപ്പോൾ എവിടെ നിന്നോ സമ്പാദിച്ച ലൈസൻസുമായി ഒരു ചാരായഷാപ്പ് മരിയാപുരത്ത് പ്രത്യക്ഷപ്പെട്ടു. കുടിയന്മാർ അന്ന് പള്ളിമുറ്റത്തെത്തി വികാരിയെ ആക്ഷേപിച്ചു. മദ്യവിരുദ്ധ വികാരത്തെ ഇത് ശക്തിപ്പെടുത്തി. ഷാപ്പ് തുറന്ന് 3-ാം ദിവസം അതിനെതിരെ പിക്കറ്റിംഗ് ആരംഭിച്ചു. അതിനെ പരാജയപ്പെടുത്താനുള്ള ശ്രമങ്ങൾ വിജയിച്ചില്ല. 26-8-1989-ൽ മരിയാപുരത്ത് പ്രായപൂർത്തിയായ സ്ത്രീപുരുഷന്മാർ 1000 പേരടങ്ങിയ ഒരു സംഘമായി ജില്ലാ ആസ്ഥാനത്തേക്ക് മാർച്ച് ചെയ്തു. കളക്ടറെ കണ്ട് സങ്കടം ബോധിപ്പിച്ചു. ഷാപ്പ് കെട്ടിടത്തിന്റെ ഉടമയും ഷാപ്പിനെതിരെ തിരിഞ്ഞു. ഷാപ്പടച്ചു. അങ്ങനെ മരിയാപുരം ഗ്രാമം ഒരു ശാപത്തിൽ നിന്ന് രക്ഷപ്പെട്ടു. ഈ സമരത്തിൽ വികാരിയോടൊപ്പം ഉറച്ചു നിന്ന ഒരാളാണ് പഞ്ചായത്ത് പ്രസിഡന്റ് എൻ.സി. ജോർജ്ജ്.